# നാടെങ്ങും വ്യാജവാറ്റ് വേട്ട

വടക്കഞ്ചേരി : മലമ്പ്രദേശമായ പാലക്കുഴിയിൽ നിന്നും വീണ്ടും 1000 ലിറ്റർ വാഷ് പിടികൂടി പോലീസ് നശിപ്പിച്ചു .

ഇന്നലെ രാവിലെ ആലത്തൂർ ഡിവൈഎസ്പി കെ.എം ദേവസ്യയുടെ നേതൃത്വത്തിലുള്ള സംഘമാണ് പാറയിടുക്കുകളിൽ ഒളിപ്പിച്ചു വെച്ച വാഷ് കണ്ടെത്തിയത്. അപകടകരമായ പാറയിടുക്കുകൾക്കുള്ളിലാണ് നാല് വീപ്പകളിലും

അഞ്ച് കുടങ്ങളിലുമായി വാഷ് സൂക്ഷിച്ചിരുന്നത്.പോലീസിനെ കണ്ട് രണ്ട് പേർ ഓടി രക്ഷപ്പെട്ടു. പ്രതികളെക്കുറിച്ച് പോലീസിന് സൂചന ലഭിച്ചിട്ടുണ്ട് . വടക്കഞ്ചേരി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

പോലീസ് പരിശോധനയിൽ വാഷിൽ വീര്യത്തിതിന് വേണ്ടി അതി മാരകമായ രാസവസ്തുക്കളും മറ്റും ചേർത്തതായി കണ്ടെത്തി. വിഷ മദ്യദുരന്തത്തിന് കാരണമായേക്കാവുന്ന സാഹചര്യമാണ് പോലിസ് ഒഴിവാക്കിയത്.



പാലക്കുഴി വെള്ളച്ചാട്ടത്തിനു താഴെ നിന്നും പോലീസ് സംഘം കണ്ടെടുത്ത വാഷും വാറ്റ് ഉപകരണങ്ങളും

കൊറോണ വൈറസ് ബാധയെ തുടർന്ന് ലോക് ഡൗൺ പ്രഖ്യാപിച്ചതിനാൽ മദ്യശാലകൾ അടച്ചപ്പോൾ മലയോര മേഖലയിൽ വ്യാപകമായി വാറ്റുചാരായ ലോബി പ്രവർത്തിക്കുന്നുണ്ട്. ആലത്തൂർ ഡിവൈഎസ്പി. കെ.എം. ദേവസ്യയുടെ നേതൃത്വത്തിൽ ഇതിനായി പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തി വരികയാണ് . പാലക്കുഴിയിൽ നിന്നും വാറ്റാനുള്ള പാത്രങ്ങൾ, മീറ്റർ കണക്കിന് പൈപ്പ് തുടങ്ങിയവയും കണ്ടെടുത്തിട്ടുണ്ട്. കഴിഞ്ഞ ആഴ്ചയും ഡിവൈഎസ്പി യുടെ നേതൃത്വത്തിലുള്ള സംഘം 1200 ലിറ്റർ വാഷ് വെള്ളച്ചാട്ടത്തിനു താഴെ നിന്നും കണ്ടെത്തി നശിപ്പിച്ചിരുന്നു.

ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം ഡിവൈഎസ്പി ക്കു പുറമെ വടക്കഞ്ചേരി സിഐ ബി.സന്തോഷ്, സബ്ബ് ഇൻസ്പെക്ടർ അജീഷ്, അഡീഷണൽ സബ്ബ് ഇൻസ്പെക്ടർ വാസുദേവൻ, സിവിൽ പോലീസ് ഓഫീസർമാരായ ഷെഫീമോൻ.എം, പ്രസാദ്.വി , ഹോം ഗാർഡ് സെയ്തുമുഹമ്മദ് ഡിവൈഎസ്പി യുടെ പ്രത്യേക സ്ക്വാഡിൽ ഉൾപ്പെട്ട റഹിം മുത്തു, കൃഷ്ണദാസ്. കെ.ആർ , സൂരജ് ബാബു .യു, ദിലീപ് .കെ , സുധിഷ്.ആർ, ഷിജു സി, എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.